LIBRARY ARCHIVES Kerala Legislative Assembly

കള്ളാടിച്ചോല പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം

115 [5382] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ കള്ളാടിച്ചോല പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ പണി നീണ്ടുപോകുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) ഏത് ഏജൻസിയാണ് ഈ ജോലികൾ ഏറ്റെടുത്തിരിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ പണികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) കള്ളാടിച്ചോല പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖാന്തിരമോ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേനയോ നടപ്പിലാക്കുന്നില്ല.

മുണ്ടയ്ക്കൽ, ആണോറ, ഇവനത്താഴം എന്നീ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

116 [5383] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ മുണ്ടയ്ക്കൽ, ആണോറ, ഇവനത്താഴം എന്നീ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിക്കാണ് പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം പണികളാണ് ഈ പദ്ധതികളിൽ ശേഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) പ്രസ്തുത പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റി മുഖേനയോ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേനയോ കുടിവെള്ള പദ്ധതികളൊന്നുംതന്നെ ഇപ്പോൾ നടപ്പിലാക്കുന്നില്ല.

എരിമയൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

117 [5384] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിലെ കുനിശ്ശേരിയിൽ കോലപ്പാടം, പുത്തൻഗ്രാമം, ചെന്നങ്കോട്, ചായമൂച്ചി, മാടംപാറ, പുളുമ്പൻകാട് തുടങ്ങിയ പ്രദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ആവശ്യാനുസരണം കുഴൽകിണറുകൾ കുഴിക്കാനും അവയിൽനിന്ന് വീടുകളിലേയ്ക്ക് ഹൗസ് കണക്ഷൻ നൽകാനും വേണ്ട പദ്ധതി അനുവദിക്കാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ;

(സി) അയൽക്കൂട്ടത്തിൽ ചേരാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്കും അയൽക്കൂട്ടത്തിൽ അംഗത്വം ലഭിക്കാത്തവർക്കും പുതിയ കണക്ഷനുകൾ അനുവദിക്കാൻ ഗ്രാമ പഞ്ചായത്തധികൃതർക്കും ടി. എം. സി.-കൾക്കും നിർദ്ദേശം നൽകുമോ;

(ഡി) എല്ലാ ടി. എം. സി.-കളുടേയും അയൽക്കൂട്ടങ്ങളുടേയും മുഴുവൻ സാമ്പത്തിക ഇടപാടുകളും പ്രവർത്തനങ്ങളും കാലാകാലങ്ങളിൽ പരിശോധിച്ച് ആഡിറ്റ് ചെയ്യാൻ ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

(ഡി) അയൽക്കൂട്ടങ്ങളുടേയും ടി. എം. സി.-കളുടേയും സാമ്പത്തിക ഇടപാടുകൾ കാലാകാലങ്ങളിൽ ആഡിറ്റു ചെയ്യുന്നതിന് കെ. ആർ. ഡബ്ല്യു. എസ്. എ. ആഡിറ്റർമാരെ നിയമിച്ചിട്ടുണ്ട്. ടി ആഡിറ്റർമാരുടെ ആഡിറ്റിങ്ങിനു ശേഷമേ രണ്ടാമത്തേയും മൂന്നാമത്തേയും പദ്ധതിവിഹിത ഗഡുക്കൾ നൽകുകയുള്ളൂ. പദ്ധതി പൂർത്തിയായ ശേഷം ഗുണഭോക്തൃ സമിതി അംഗങ്ങളും പഞ്ചായത്തും പരിപാലനം നടത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly